## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.**3598**

20-06-2019 ൽ മറുപടിയ്ക്ക്

### നാദാപുരം ഫയർ സ്റ്റേഷന് പുതിയ കെട്ടിടം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ഇ. കെ. വിജയൻ** | **പിണറായി വിജയൻ** **(മുഖ്യമന്ത്രി)** |
| എ) വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന നാദാപുരം ഫയർ സ്റ്റേഷന് സ്വന്തമായി പുതിയ കെട്ടിടം നിർമിക്കുന്നതിനായി സൗജന്യമായി ലഭിച്ചിട്ടുള്ള സ്ഥലത്ത് പ്രസ്തുത കെട്ടിടം നിർമ്മിക്കുന്നതിന് ഫണ്ട് വകയിരുത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ;<br><br>ബി) പ്രസ്തുത ഫയർ സ്റ്റേഷന്റെ നിർമ്മാണം ആരംഭിക്കാൻ നിലവിൽ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോയെന്ന് വ്യക്തമാക്കാമോ? | എ) & ബി) നാദാപുരം അഗ്നിരക്ഷാ നിലയത്തിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് വടകര താലൂക്ക് നാദാപുരം വില്ലേജിൽ നാദാപുരം ദേശത്ത് റീസർവേ നമ്പർ 73/1 - ൽപ്പെട്ട 25 സെന്റ് സ്ഥലത്തിന്റെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തിക്കൊണ്ട് ഭൂമിയുടെ കൈവശാവകാശം അഗ്നിരക്ഷാ വകുപ്പിന് കൈമാറിക്കൊണ്ട് കോഴിക്കോട് ജില്ലാ കളക്ടർ ഉത്തരവായിട്ടുണ്ട്. പ്രസ്തുത സ്ഥലം വകുപ്പിന് രേഖാമൂലം കൈമാറ്റം ചെയ്ത് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സ്ഥലം വകുപ്പിന് കൈമാറ്റം ചെയ്ത് ലഭിച്ചശേഷം പൊതുമരാമത്ത് വകുപ്പിൽ നിന്നും എസ്റ്റിമേറ്റ് ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി ലഭ്യമാക്കേണ്ടതുണ്ട്. ആയതിനുശേഷം ഫണ്ട് വകയിരുത്തിയാൽ മാത്രമേ പ്രസ്തുത കെട്ടിട നിർമ്മാണം ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ